'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - വാർഷിക പദ്ധതി 2019-20 (പ്ലാൻ സ്കീം) - ഗ്രീൻ ബുക്ക് ഡോക്യുമെന്റിൽ ഉൾപ്പെട്ട ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.1303/2019/LSGD തീയതി,തിരുവനന്തപുരം, 26/06/2019

പരാമർശം:- 1 22.01.2019-ലെ പ്ലാൻ പ്രിപ്പറേഷൻ ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം

2 ഗ്രാമവികസന കമ്മീഷണറുടെ 12.03.2019 തീയതിയിലെ 12828/പി.എം.3/2018/സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ ""ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ (BIC)" എന്ന പദ്ധതിക്കായി 2515-00-102-62 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഗ്രീൻ ബുക്ക് ഡോക്യുമെന്റിൽ ഉൾപ്പെടുത്തപ്പെട്ട പ്രസ്തുത പദ്ധതി, ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന വിവിധ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും വിവിധ സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഒരു കിയോസ്ക് ഓഫ് ഇൻഫർമേഷൻ ആയി പ്രവർത്തിക്കുന്ന ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിൽ ക്രമീകരിക്കാൻ ലക്ഷ്യമിടുന്നു. BIC കൾ മുഖേന ചുവടെ പറയുന്ന സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകാൻ ലക്ഷ്യമിടുന്നു.

- അടിസ്ഥാന ICT ഓറിയന്റേഷൻ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക
- ഗ്രാമീണ ഇന്റർനെറ്റ് കഫേകളും DTP സെന്ററുകളുമായി പ്രവർത്തിക്കുക
- പ്രാഥമിക വെബ്സൈറ്റുകൾ വികസിപ്പിക്കുക
- വിവിധ അഭിരുചി പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കുള്ള ക്ലാസുകൾ സംഘടിപ്പിക്കുക
- ട്രെയിൻ/ബസ്/വിമാന യാത്രകളുടെ ഇ-ടിക്കറ്റിംഗ്
- ആധാർ & RSBY രജിസ്ട്രേഷൻ
- വിവിധ പരീക്ഷകളുടെ അപേക്ഷ സമർപ്പണം/ ഇ-അഡ്മിറ്റ് കാർഡ് വിതരണം/പരീക്ഷാ ഫലങ്ങൾ നൽകൽ
- ഇന്റർനെറ്റ് അധിഷ്ഠിത കമ്പ്യൂട്ടർ പരിശീലനം നൽകൽ
- ഇംഗ്ലീഷ്, മറ്റുഭാഷകൾ പഠിക്കുന്നതിനുള്ള ഇ-ലേണിംഗ് പരിപാടികൾ

- E-Krishicentre ആയി പ്രവർത്തിക്കുക
- Tele medicine centre ആയി പ്രവർത്തിക്കുക
- സർക്കാർ പ്രസിദ്ധീകരണങ്ങളും ലഘുലേഖകളും ലഭ്യമാക്കുക

ഇത് കൂടാതെ B I C കൾ കേന്ദ്രീകരിച്ച് ഒരു "ഡിജി ലോക്കർ"സ്ഥാപിക്കുന്നത് വഴി പ്രകൃതി ദുരന്തങ്ങളിൽ നിന്നും ജനങ്ങളുടെ വിലപ്പെട്ട രേഖകൾ സംരക്ഷിക്കുന്നതിനും സാധിക്കും. 2019-20 വർഷം 14 ബ്ലോക്ക് ഇൻഫോർമേഷൻ സെന്ററുകൾ (BIC) സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ഒരു B I C സ്ഥാപിക്കുന്നതിൻറെ പ്രതീക്ഷിത ചെലവ് 3.55 ലക്ഷം രൂപയാണ്. ടി പദ്ധതിക്ക് 22/01/2019-ൽ ചേർന്ന പദ്ധതി തയ്യാറാക്കൽ ഗ്രൂപ്പ് (പി.പി.ജി.) അംഗീകാരം നൽകിയിരുന്നു. പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനായി പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2019-20 വർഷത്തെ ബഡ്ജറ്റിൽ 2515-00-102-62 എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളതും 22/01/2019-ൽ ചേർന്ന പദ്ധതി തയ്യാറാക്കൽ ഗ്രൂപ്പ് (പി.പി.ജി.) അംഗീകാരം നൽകി 2019-20 വർഷത്തെ ഗ്രീൻ ബുക്കിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ "ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ" എന്ന പദ്ധതിയ്ക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIMOL ABRAHAM
ADDITIONAL SECRETARY

പകർപ്പ്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

ധനകാര്യ വകുപ്പ്

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, വെള്ളമ്പലം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ